പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3606 — 22.08.2017 -ൽ മറുപടിക്ക്.

## പൊതുവിതരണ ശൃംഖലയ്ക്ക് ലഭിക്കുന്ന കേന്ദ്രവിഹിതം

| ചോദ്യം<br>**ശ്രീ.ഇ.പി.ജയരാജൻ** | മറുപടി<br>**ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
|---|---|
| (എ) പൊതുവിതരണ ശൃംഖലയിലൂടെ വിതരണം ചെയ്യുന്ന വിവിധ ഭക്ഷ്യധാന്യങ്ങളുടെ കേന്ദ്രവിഹിതം 2015 - 16 ൽ എത്രയായിരുന്നു എന്ന് വിശദമാക്കുമോ ; | (എ) 2015-16 സാമ്പത്തിക വർഷത്തിൽ 15,91,860 മെട്രിക് ടൺ (15.92 ലക്ഷം മെട്രിക് ടൺ) ഭക്ഷ്യധാന്യങ്ങളാണ് പൊതുവിതരണ ശൃംഖലയിലൂടെ വിതരണം ചെയ്യുന്നതിനായി കേന്ദ്ര വിഹിതമായി ലഭ്യമായത്. കൂടാതെ 2015-16 ൽ അന്നപൂർണ്ണ പദ്ധതി പ്രകാരം 2214.24 മെട്രിക് ടൺ അരിയും വെൽഫെയർ സ്ഥാപനങ്ങൾക്കായി 1345.542 മെട്രിക് ടൺ അരിയും 382.02 മെട്രിക് ടൺ ഗോതമ്പും കേന്ദ്ര വിഹിതമായി ലഭ്യമായിട്ടുണ്ട്. |
| (ബി) 2016-17 ൽ ലഭിച്ചതും നിലവിൽ ലഭിച്ചു കൊണ്ടിരിക്കുന്നതുമായ കേന്ദ്ര വിഹിതം എത്രയെന്ന് വ്യക്തമാക്കുമോ ? | (ബി) 2016-17 സാമ്പത്തിക വർഷത്തിൽ, 1400603.415 മെട്രിക് ടൺ ഭക്ഷ്യധാന്യങ്ങളാണ് കേന്ദ്രവിഹിതമായി ലഭ്യമായത്. കൂടാതെ 2016-17 ൽ വെൽഫെയർ സ്ഥാപനങ്ങൾക്കായി 942.72 മെട്രിക് ടൺ അരിയും ലഭ്യമായിട്ടുണ്ട്. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലാക്കിയതിന്റെ അടിസ്ഥാനത്തിൽ പ്രതിമാസം 1,18,754.083 മെട്രിക് ടൺ ഭക്ഷ്യധാന്യങ്ങളാണ് നിലവിൽ ലഭിച്ചു കൊണ്ടിരിക്കുന്നത്. വെൽഫെയർ സ്ഥാപനങ്ങൾക്ക് 2017 സെപ്റ്റംബർ വരെ 891.3 മെട്രിക് ടൺ അരിയും 382.02 മെട്രിക് ടൺ ഗോതമ്പും ലഭ്യമായിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**